പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2990

15..12.2015 ൽ
മറുപടിയ്ക്ക്.

## ഭൂമി മണ്ണിട്ട് നികത്തിയത് സംബന്ധിച്ച പരാതി

ചോദ്യം
ശ്രീ.മാത്യു റ്റി.തോമസ് :

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവല്ല താലൂക്കിൽ കാവുംഭാഗം വില്ലേജിൽ ഇടിഞ്ഞില്ലം ഭാഗത്ത് റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള 10 ഏക്കറോളം ഭൂമി മണ്ണിട്ട് നികത്തിയത് സംബന്ധിച്ച് നൽകിയിട്ടുള്ള പരാതിയിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | (എ) | കാവുംഭാഗം വില്ലേജിൽ ബ്ലോക്ക് നമ്പർ 7-ൽ റീസർവ്വെ 167/8-1, 168/2,3,4, 169/1, 3, 4 എന്നീ സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട 2.13.61 ഹെക്ടർ നിലങ്ങളിൽ മണ്ണ് നിക്ഷേപിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി 12..06..2006-ൽ പത്തനംതിട്ട ജില്ലാ കളക്ടർ സി4-28196/06/കെ.ഡിസ് നമ്പരായി ഉത്തരവായിരുന്നതാണ്. പെരിങ്ങര ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ഡേറ്റാബാങ്കിൽ ടി നിലങ്ങളും 168/5, 169/2, 167/4, 170/1 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ടതുമായ നിലങ്ങളും നികത്തി പുരയിടം എന്ന് നോട്ടിഫൈ ചെയ്തിട്ടുള്ളതും ആകുന്നു. ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പെരിങ്ങര |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി നൽകിയിട്ടുള്ളതാണ്. ബഹു: കേരള ഹൈക്കോടതിയുടെ 18/05/2014-ലെ WP(C) 7037/14 നമ്പർ ഉത്തരവ് പ്രകാരം റോഡ് നിരപ്പിൽ നിന്നും താഴ്ന്ന കിടക്കുന്ന ഭാഗങ്ങൾ മാത്രം നിബന്ധനകൾക്ക് വിധേയമായി നിരപ്പാക്കുന്നതിന് തിരുവല്ല റവന്യൂ ഡിവിഷണൽ ആഫീസർ അനുമതി നൽകിയിട്ടുള്ളതാണ്.<br>ഈ വിഷയത്തിൽ ജോസഫ് ജോൺ ചിറപ്പറമ്പിൽ പെരുംതുരിത്തി എന്നയാൾ സമർപ്പിച്ച പരാതിയിൽ ടിയാന് തിരുവല്ല റവന്യൂ ഡിവിഷണൽ ആഫീസിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം മറുപടി നല്കിയിട്ടുള്ളതും, ശ്രീ. ജോസഫ് ജോൺ ബഹു:കേരള ഹൈക്കോടതിയിൽ WP(C) 27737/2014 -ാം നമ്പരായി ഹർജി ഫയൽ ചെയ്തിട്ടുള്ളതും ആണ്. ഈ കേസിൽ 16..11..2015 ന് ബഹു:കേരള ഹൈക്കോടതിയിൽ തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസർ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ